LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ കോഴിക്കോട് ഫൈ്ലയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയിരിക്കെ രണ്ട് ജില്ലകളുടെ ചുമതലയോടെ അന്വേഷണ ടീമിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അന്വേഷണ ടീം വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശം വന്നപ്പോൾ ടി ഓഫീസറെ പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കുകയുണ്ടായി. തുടർന്ന് അന്വേഷണ ടീം രണ്ട് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ വിപുലീകരിച്ചപ്പോൾ ആയതിലേയ്ക്ക് കോഴിക്കോട് ഫൈ്ലയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കൃഷിഭൂമിയിലെ മരം മുറിച്ച കർഷകർക്കെതിരായ കേസ്സുകൾ

119 (425) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ലാന്റ് അസൈൻമെന്റ് നിയമമനുസരിച്ച് പട്ടയം ലഭിച്ചിട്ടുള്ള കൃഷിഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിലെ കൃഷിക്കാർക്കെതിരെ കേസ് എടുക്കുവാനുള്ള ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

1964-ലെ ലാൻഡ് അസൈൻമെന്റ് നിയമമനുസരിച്ച് പട്ടയം ലഭിച്ചിട്ടുള്ള കൃഷിഭൂമിയിലെ മരങ്ങൾ നിയമാനുസൃതം മുറിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് കൃഷിക്കാർക്കെതിരെ കേസ് എടുക്കുവാൻ ശ്രമിച്ചിട്ടില്ല.. എന്നാൽ റവന്യൂ വകുപ്പിന്റെ 24-10-2020-ലെ 261/2020/റവന്യൂ നമ്പർ സർക്കാർ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്ത് സർക്കാരിൽ നിക്ഷിപ്തമായ മരങ്ങൾ നിയമവിരുദ്ധമായി മുറിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട വനനിയമ ലംഘനങ്ങൾക്കാണ് കേസ്സുകൾ നിലവിൽ എടുത്തിട്ടുള്ളത്.

(ബി) ഇത്തരത്തിൽ മരം മുറിച്ച് മാറ്റിയവർക്കെതിരെ നിലവിൽ കേസ് എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിൽ ഇതുവരെ ലഭ്യമായ കണക്കുകൾ പ്രകാരം 93 ഒ.ആർ. കേസ്സുകൾ ബുക്ക് ചെയ്തിട്ടുണ്ട്. ഇവയിൽ 41 കേസ്സുകൾ ഇടുക്കി

LIBRARY ARCHIVES Kerala Legislative Assembly

വന്യജീവി ഡിവിഷന്റെ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ പരിധിയിൽനിന്നും, 52 കേസ്സുകൾ കോട്ടയം ഫൈറേഞ്ച് സർക്കിളിന്റെ പരിധിയിൽ നിന്നുമാണ് ബുക്ക് ചെയ്തിട്ടുള്ളത്.

(സി) കോതമംഗലം മണ്ഡലത്തിൽ തട്ടേക്കാട് റേഞ്ചിലും കുട്ടമ്പുഴ റേഞ്ചിലും റവന്യൂ - വനം വകുപ്പുകളുടെ അനുമതിയോടെ കട്ടിംഗ് പാസ്സ് ലഭിച്ച ശേഷം മരം മുറിച്ച് മാറ്റിയ കർഷകർക്കെതിരെ കൂറ്റി മഹസർ തയ്യാറാക്കി കേസ് എടുക്കുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇടുക്കി വന്യജീവി ഡിവിഷനിലെ തട്ടേക്കാട് റേഞ്ചിൽ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ അനുമതി പ്രകാരം പട്ടയഭൂമിയിൽ നിന്നും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയിട്ടുള്ള മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ടുപോയ പട്ടയ കൈവശഭൂമി ഉടമസ്ഥർക്കെതിരെയാണ് 41 കേസ്സുകൾ ബുക്ക് ചെയ്തിട്ടുള്ളത്. കുട്ടമ്പുഴ റെയിഞ്ചിൽ ഇപ്രകാരമുള്ള മരംമുറി ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ കേസ് എടുക്കുന്നത് ഒഴിവാക്കി കർഷകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിലുള്ള വനനിയമങ്ങളുടെ ലംഘനത്തിനാണ് കേസ്സുകൾ എടുത്തിട്ടുള്ളത്. ആയതിൽ നിയമാനുസൃതമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ദേശീയ വനവൽക്കരണ പരിപാടി

120 (426) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടത്തി വരുന്ന ദേശീയ വനവൽക്കരണ പരിപാടിയിലൂടെ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?